
31
ആഗസ്റ്റ് 2023
വ്യാഴം
Pages- 5
Vol. 2 Issue 209

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
578

# മർത്തോമ്മ സഭയ്ക്ക് പുതിയ മൂന്ന് എപ്പിസ്കോപ്പമാർ







പേജ് 4



## ഉക്രൈനിലേക്ക് വീണ്ടും സഹായമെത്തിച്ച് വത്തിക്കാൻ

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 31 വ്യാഴം



# ദൂരയാത്രചെയ്യുന്ന ചെറുകുരുവികൾ

ഹമ്മിങ് ബേർഡ് എന്ന് വിളിക്കുന്ന ചെറുകുരുവികളെക്കുറിച്ച് അത്ഭുതപ്പെടുത്തുന്ന ഒരു കണ്ടെത്തൽ നടത്തുകയുണ്ടായി. ഈ ചെറുകുരുവികൾക്ക് ഇടക്ക് എവിടെയും വിശ്രമിക്കാതെ ഒറ്റയടിക്ക് അഞ്ഞൂറ് മൈൽ പറക്കുവാൻ സാധിക്കും. ചില പഠനങ്ങൾ പറയുന്നത് വിശ്രമമില്ലാതെ ഇവയ്ക്ക് 1370 മൈൽ പറക്കുവാൻ സാധിക്കുമെന്നാണ്. ഒരു ബ്രെയ്ക്കും എടുക്കാതെ 20 മണിക്കൂറിലധികം വൻകരകൾ കടക്കുന്ന കുരുവികൾ. പൂർണ്ണ വളർച്ചയെത്തിയ ഒരു ഹമ്മിങ് ബേർഡിന് 7.6 സെന്റിമീറ്റർ നീളമേ ഉള്ളൂ.

വെറും ഇരുപത് ഗ്രാം മാത്രം ഭാരമുള്ള ഹമ്മിങ് ബേർഡ്. അതിന്റെ ചിറകുകൾ ഒരു സെക്കൻഡിൽ 50 തവണ കൂട്ടിയടിക്കുന്നു എന്നതാണ് വാസ്തവം.
അതിന്റെ ചിറകുകൾ കൂട്ടിയടിക്കുമ്പോൾ കേൾക്കുന്ന വാാാാാ ശബ്ദത്തിൽ നിന്നാണ് അവയ്ക്ക് ഹമ്മിങ് ബേർഡ്സ് എന്ന പേര് ലഭിച്ചത്.
അതിന്റെ ആയുസ്സിന്റെ നല്ലൊരു ഭാഗവും വായുവിൽ പറന്നു നിൽക്കുകയാണ്. അവയുടെ കാലുകൾ വളരെ ബലഹീനമാണ്. എന്നാൽ വായുവിൽ ചിറകുകളിൽ അവർ പ്രഗത്ഭരാണ്. വായുവിൽ പറക്കുമ്പോൾ മിനിറ്റിൽ 1300 തവണ അവയുടെ ഹൃദയമിടിക്കുന്നു. പറക്കാത്ത സമയങ്ങളിൽ ഹൃദയമിടിപ്പിനെ മിനിറ്റിൽ 50 തവണയാക്കി പൂർണ്ണ നിശ്ചലരായി ഇവകിടന്നു വിശ്രമിച്ച് ഊർജം സംഭരിക്കുന്നു. പുറകോട്ടും ഇരുവശങ്ങളിലേക്കും പറക്കുവാൻ കഴിയുന്ന അപൂർവമായ ഈ കുരുവികൾ.

ഈ കുരുവികളുടെ ഇത്രയും ആരോഗ്യത്തിന്റെ രഹസ്യമെന്താണെന്നറിയുമോ?
അവ കുടിച്ചു ശേഖരിച്ചു വയ്ക്കുന്ന ചുവന്ന പൂക്കളിലെ പൂന്തേനാണ് അവയുടെ ഈ ശക്തിയുടെ രഹസ്യം. ഏല്ലാ പൂക്കളിലെയും തേൻ അവർ കുടിക്കാറില്ല. അവ ആകർഷിക്കപ്പെടുന്ന പൂക്കൾ, പ്രത്യേക തരം നിറത്തിലുള്ള പൂക്കൾ, അവയുടെ മാത്രം അമൃത് സ്വീകരിച്ചു അവ ശക്തി പ്രാപിക്കുകയും ബലം സംഭരിക്കുകയും ചെയ്യുന്നു. അതെ, പുഷ്പങ്ങളുടെ പിയൂഷമാണ് ഹമ്മിങ് ബേർഡുകളുടെ പ്രസരിപ്പിന്റെയും വീര്യത്തിന്റെയും രഹസ്യം.
മനുഷ്യരായ നമുക്ക് ചൈതന്യം തരുന്ന ഒരു അമൃത് ഈ ഭൂമിയിലുണ്ടെങ്കിൽ? നമുക്കും വളരെ ദൂരം സഞ്ചരിക്കുവാൻ ശക്തിനൽകുന്ന ആ തേൻ നമുക്ക് ലഭ്യമായാൽ?

നമ്മുടെ ദുഷ്കരമായ ജീവിത മേടുകളിൽ കാലുകൾ കുഴയാതെ ചാടിയോടിപ്പോകുവാൻ ബലം തരുന്ന ഒരു രഹസ്യമുണ്ട്. ജീവിതത്തിലെ അനേകം പരാജയങ്ങളിൽ നിന്നും, ഘോരമേറിയ വൈരിയുടെ കരങ്ങളിൽ നിന്നും വീരനെപ്പോലെ രക്ഷപ്പെടുത്തുന്ന അമൃതാണ്, തേനിലും മധുരമായ ദൈവ വചനം. ഏതു സമയവും ഒരു ദൈവപൈതലിനു ആവശ്യം പോലെ വന്ന് ആസ്വദിക്കുവാനും ബലം പ്രാപിക്കുവാനും ദൈവവചനം നമ്മുടെ അടുത്തുണ്ട്. ബന്ധനമില്ലാത്ത ദൈവവചനത്തെ ആർക്കും നമ്മുടെ കയ്യിൽ നിന്നും കവരുവാൻ സാധ്യമല്ല.

അതിൽ നിന്നും നമ്മുടെ ഹൃദയത്തിലേക്ക് ദൈവം പകർന്ന് തരുന്ന തന്റെ ആലോചനകളും ആശ്വാസങ്ങളും നമ്മുടെ ജീവിതാമൃതാണ്. വചനമില്ലെങ്കിൽ നാം വാടിക്കുഴഞ്ഞ് തളർന്നു വീഴും. നമുക്ക് എത്തിച്ചേരേണ്ട സ്ഥലത്തു എത്തുവാൻ സാധ്യമാകാതെ നാം നിലംപരിചാകും.നമുക്കൊരു യാത്രയുണ്ട്. കുറെയേറെ തടസങ്ങളുള്ള ഒരു യാത്ര. അവിടെ മനുഷ്യന്റെ ജ്ഞാനമോ, ലോകത്തിന്റെ ആലോചനയോ നമുക്കാവശ്യമില്ല.

മനുഷ്യന്റെ ജ്ഞാനം അവന്റെ ബുദ്ധിയിൽ അധിഷ്ഠിതമാണ്. ദൈവത്തിന്റെ ആലോചനയാകട്ടെ നമ്മുടെ ബുദ്ധിക്കും അതീതമാണ്. ആർക്കും ഊഹിക്കുവാൻ കഴിയാത്ത നാളെയുടെ കൂരിരുൾ താഴ്വരകളിൽ നമുക്ക് ഊർജം പകരുന്നത് ദൈവവചനമാണ്.



ബ്ലസ്സൻ ചെറിയാൻ ,
കാനഡ

## ഐപിസി മിഡ് വെസ്റ്റ് റീജിയൻ കൺവൻഷൻ ഒക്ലഹോമയിൽ

ഹൂസ്റ്റൺ: ഐപിസി മിഡ് വെസ്റ്റ് റീജിയൻ കൺവൻഷൻ സെപ്. 1 മുതൽ 3 വരെ ഒക്ലഹോമയിൽ ഐപിസി ഹെബ്രോൻ സഭയിൽ നടക്കും. പാസ്റ്റർ ജേക്കബ് മാത്യു (ഫ്ലോറിഡ) മലയാളം വിഭാഗത്തിലും സുവിശേഷകൻ ആൽവിൻ ഉമ്മൻ ഇംഗ്ലീഷ് വിഭാഗത്തിലും ഡോ.ജെപ്സിൻ മാലിയിൽ വനിതാ സമ്മേളനത്തിലും പ്രസംഗിക്കും.

വെള്ളിയാഴ്ച വൈകിട്ട് 6:30 മുതൽ ആരംഭിക്കുന്ന കൺവൻഷനിൽ ശനിയാഴ്ച രാവിലെ 9.30 മുതൽ സഹോദരിമാർക്കുള്ള യോഗവും രണ്ടു മണി മുതൽ മിഷൻ സെമിനാറും നടക്കും. വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 6.30നാണു പൊതുയോഗം. ഞായറാഴ്ച രാവിലെ 9.30ന് നടക്കുന്ന ആരാധനയോടെ കൺവൻഷൻ സമാപിക്കും. റീജിയനിലെ മറ്റു ദൈവദാസൻമാരും വിവിധ മീറ്റിങ്ങുകളിൽ പ്രസംഗിക്കുന്നു. റീജിയൻ കൊയർ ഗാന ശുശ്രൂഷയ്ക്കു നേതൃത്വം കൊടുക്കും.

ഐപിസിയുടെ ഉത്തര അമേരിക്കയിലുള്ള ഏറ്റവും വലിയ റീജിയനുകളിൽ ഒന്നാണ് മിഡ്വെസ്റ്റ്റീജിയൻ. 23 സഭകളുള്ള ഈ റീജിയൻ ഡാലസ്, ഒക്ലഹോമ, ഹൂസ്റ്റൺ, സാൻ അന്റോണിയോ, ഓസ്റ്റിൻ എന്നീ പട്ടണങ്ങളിലുള്ള ഐപിസി സഭകളുടെ ഐക്യകൂട്ടായ്മയാണ്. കൺവൻഷനുകൾ, സെമിനാറുകൾ ജീവകാരുണ്യ, പ്രേക്ഷിത പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു.

കൺവൻഷൻ സുഗമമായ നടത്തിപ്പിന് റവ.ഷിബു തോമസ് (പ്രസിഡന്റ് ), റവ.ജയിംസ് എബ്രഹാം (വൈസ് പ്രസിഡന്റ്), റവ.കെ.വി. തോമസ് (സെക്രട്ടറി), ഫിന്നിസാം (ജോയിന്റ് സെക്രട്ടറി), ജോഷിൻ ഡാനിയേൽ (ട്രഷറർ), ഫിന്നി രാജു ഹൂസ്റ്റൺ (മീഡിയ കോഓർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രവർത്തിക്കുന്നു. വിവരങ്ങൾക്ക് : (972) 900 8578 (പ്രസിഡന്റ്); (832) 646 9078 (മീഡിയ കോഓർഡിനേറ്റർ).


## നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ

**ക്രിസ്ത്യൻ ലൈവിലേക്ക് നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്?**

1. ഫെയ്സ്ബുക്കിലൂടെ

മിഡിൽ ഈസ്റ്റ് ക്രിസ്ത്യൻ ലൈവിന്റെ ഫെയ്സ്ബുക്ക് കൂട്ടായ്മയിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Middle East Christian Youth Minitsries

2 യൂ ട്യൂബിലൂടെ

ക്രിസ്ത്യൻ ലൈവ് യൂ ട്യൂബിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Christian Live

3 ഡിജിറ്റൽ ദിനപത്രത്തിലൂടെ

ക്രിസ്ത്യൻ ലൈവ് മലയാളം ദിനപത്രത്തിലൂടെ ആയിരങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു.
Christian Live Digital Daily

4 ഡിജിറ്റൽ വീക്ക്ലിയിലൂടെ

വിംഗ്സ് ഓഫ് ഹോപ്പ് ഇംഗ്ലിഷ് വീക്ക്ലിയിലൂടെ മുപ്പതിലധികം രാജ്യങ്ങളി വിവിധ ജനവിഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Wings of Hope

5 ന്യൂസ് പേപ്പറിലൂടെ

ക്രിസ്ത്യൻ ലൈവ് ന്യൂസ് പേപ്പറിലൂടെ യുഎഇയുടെ മിക്ക ഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു. Christian Live Dubai Edition

6 വെബ്സൈറ്റിലൂടെ

ഓരോ മണിക്കൂറിലും അപ്ഡേറ്റ് ചെയ്യുന്ന വാർത്തകൾ കാണാനായി ആയിരങ്ങൾ സന്ദർശിക്കുന്ന ക്രിസ്ത്യൻ ലൈവ് വെബ് സൈറ്റിലൂടെ ജനങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
www.christianlive in

**അപ്പോൾ ഇനി മടിച്ചു നിൽക്കണോ?**
**ഒട്ടും വൈകേണ്ട ഇപ്പോൾ തന്നെ ഞങ്ങളെ വിളിക്കുക:**
India: +91 98465 52220
UAE: +971 55 862 1000

### Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും



EDITORIAL BOARD

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# സമ്പത്തിന്റെ അപഹാരം സന്തോഷത്തോടെ



റവ.ജോർജ് മാത്യു പുതുപ്പള്ളി

**ഇം**ഗ്ലണ്ടിലെ ബർമിങ്ഹാം ആംഗ്ലിക്കൻ അപ്പൊസ്തലിക്കൽ ചർച്ചിലെ ബിഷപ്പായിരുന്ന ജോൺ എഡ്വിൻ ആൻഡ്റൂസിന്റെ പതിനാല് മക്കളിൽ ഒരുവനായിട്ടാണ് 1871 ഫെബ്രുവരി 04 ന് സി എഫ് ആൻഡ്റൂസ് ജനിച്ചത്. നഗരത്തിലെ ബിഷപ്പായി ജോൺ എഡ്വിൻ നിയമിതനായപ്പോൾ ഗ്രാമത്തിലെ വീടും സ്വത്തുക്കളും സഹോദരീഭർത്താവിനെ ഏല്പിച്ച് ബിഷപ് ജോൺ തന്റെ ഭാര്യക്കും മക്കൾക്കുമൊപ്പം നഗരത്തിലേക്കു പോയി.

തികഞ്ഞ ആത്മീയരും ഭക്തരുമായിരുന്ന ബിഷപ്പും ഭാര്യയും പതിനാലു മക്കളെയും ആത്മീയനിലവരത്തിലാണ് വളർത്തിയത്.
കുടുംബപ്രാർത്ഥന ഒരിക്കലും മുടക്കിയിരുന്നില്ല. പ്രാർത്ഥനാമുറിയിൽ ബിഷപ്പും ഭാര്യയും പതിനാല് മക്കളും വട്ടത്തിലിരുന്ന് വിശുദ്ധ ബൈബിൾ വായിക്കുകയും പാട്ടുപാടുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. അതിനു ശേഷം പിതാവ് വിശുദ്ധ ബൈബിളിലെ ഒരു അദ്ധ്യായം വായിച്ച്
പ്രബോധനം നൽകും.അതിനു ശേഷമേ മക്കൾക്ക് ഭക്ഷണം നൽകിയിരുന്നുള്ളൂ.

ഒരു അവധിക്ക് ഗ്രാമത്തിലെ വീട്ടിൽ എത്തിയപ്പോഴാണ് ബിഷപ് ജോൺ എഡ്വിൻ ആ വഞ്ചനയുടെ കഥയറിയുന്നത്. വസ്തുവകകൾ നോക്കി നടത്തുവാൻ ഏല്പിച്ചിരുന്ന തന്റെ സഹോദരീഭർത്താവ് (അളിയൻ) കള്ളപ്രമാണങ്ങൾ തയാറാക്കി തന്റെ സ്വത്തുക്കൾ മുഴുവൻ അദ്ദേഹത്തിന്റെ പേരിലാക്കിയിരിക്കുന്നു. തന്റെ വീട്ടിൽ താമസിക്കുവാൻപോലും അദ്ദേഹം സമ്മതിക്കുന്നില്ല. വേദനയോടെ ബിഷപ്പും ഭാര്യയും മക്കളെയും കൂട്ടി
നഗരത്തിലെ ദേവാലയത്തിലേക്കു മടങ്ങി. ബാലനായിരുന്ന ആൻഡ്റൂസിനും ഈ സംഭവം ഏറെ വേദനയുണ്ടാക്കി.

**'കടക്കാരൻ അവനുള്ളതൊക്കെയും കൊണ്ടുപോയേനെ. അന്യജാതിക്കാർ അവന്റെ പ്രയത്നഫലം കൊള്ളയിട്ടേനെ. അവനോടു ദയ കാണിക്കാൻ ആരും ഉണ്ടാകുമായിരുന്നില്ല. അവന്റെ അനാഥരായ മക്കളോട് ആർക്കും കൃപ തോന്നുമായിരുന്നില്ല.**

ബിഷപ്പ് ഹൗസിൽ രാത്രി പ്രാർത്ഥനയ്ക്ക്

ബിഷപ്പ് ഹൗസിൽ രാത്രിപ്രാർത്ഥനയ്ക്ക് കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നു. സഹോദരീഭർത്താവ് ക്രൂരമായി വഞ്ചിച്ചല്ലോ എന്നോർത്തപ്പോൾ ബിഷപ്പിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. കേസ് നൽകുന്നതിൽ താല്പര്യമില്ലാതിരുന്ന അദ്ദേഹം അതിനൊന്നും പോകാൻ തയാറായില്ല.
എബ്രായലേഖനത്തിലെയും സദൃശവാക്യങ്ങളിളെയും ചില വാക്യങ്ങളാണ് കേസിൽനിന്നും കോടതിയിൽനിന്നും അന്യർക്കുവേണ്ടി ജാമ്യം നിൽക്കുന്നതിലും നിന്നുമൊക്കെ അകന്നുനിൽക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ആ വാക്യങ്ങൾ ഇവയായിരുന്നു :

'തടവുകാരോട് നിങ്ങൾ സഹതാപം കാണിച്ചതല്ലാതെ സ്വർഗത്തിൽ നിലനിൽക്കുന്ന ഉത്തമസമ്പത്ത് നിങ്ങൾക്ക് ഉണ്ടെന്നറിഞ്ഞ് സമ്പത്തുകളുടെ അപഹാരവും സന്തോഷത്തോടെ സഹിച്ചുവല്ലോ' (എബ്രായർ 10:34). 'അന്യനുവേണ്ടി ജാമ്യം നിൽക്കുന്നവൻ അത്യന്തം വ്യസനിക്കും.
ജാമ്യം നിൽക്കുവാൻ പോകാത്തവനോ നിർഭയനായിരിക്കും"നീ കയ്യടിക്കുന്നവരുടെ കൂട്ടത്തിലും കടത്തിനു ജാമ്യം നിൽക്കുന്നവരുടെ കൂട്ടത്തിലും ആയിപ്പോകരുത്.' (സദൃശവാക്യങ്ങൾ 11:15, 22:26). വിശുദ്ധ ബൈബിളിലെ ഓരോ വചനങ്ങളും അക്ഷരംപ്രതി അനുസരിക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

ക്രമമനുസരിച്ചായിരുന്നു വിശുദ്ധ ബൈബിളിലെ ഓരോ അദ്ധ്യയവും വായിച്ചിരുന്നത്. സങ്കീർത്തനം 109 ആയിരുന്നു ആ രാത്രിയിലെ വായനാഭാഗം. തകർന്ന ഹൃദയത്തോടെ ബിഷപ് സങ്കീർത്തനം വായിക്കുവാൻ തുടങ്ങി. സ്വത്തു നഷ്ടപ്പെട്ടതിലേറെ താൻ ജീവനുതുല്യം വിശ്വസിച്ച തന്റെ അളിയൻ തന്നെ കബളിപ്പിച്ചതിലായിരുന്നു അദ്ദേഹത്തിന്റെ വേദന. സങ്കീർത്തനം 109 ന്റെ ആദ്യത്തെ 5 വാക്യങ്ങൾ വായിച്ചിട്ട് അദ്ദേഹം കുറെ നേരം മൗനം പൂണ്ടു. പിന്നീടു വായിച്ചത് വാക്യം 20 മുതൽ താഴോട്ടാണ്. 6 മുതൽ 19 വരെയുള്ള വാക്യങ്ങൾ അദ്ദേഹം മനഃപൂർവം വിട്ടുകളഞ്ഞു.

പ്രാർത്ഥന കഴിഞ്ഞപ്പോൾ ബാലനായ ആൻഡ്റൂസ് പിതാവിനോടു ചോദിച്ചു : 'ഡാഡീ, എന്താണ് 6 മുതൽ 19 വരെയുള്ള വാക്യങ്ങൾ ഒഴിവാക്കിയത് ?' അദ്ദേഹം മകന്റെ മുഖത്തേക്കു നോക്കി ശാന്തമായി പറഞ്ഞു :'മകനേ, നമ്മുടെ സ്വത്തുക്കളല്ലേ നഷ്ടപ്പെട്ടിട്ടുള്ളൂ ?
ഭൂമിയിലെ സ്വത്തുക്കളെല്ലാം തീയ്ക്ക് ഇരയാകാനുള്ളതല്ലേ ? നീതിമാനായ യേശുകർത്താവിന്റെ മുമ്പിലല്ലേ നാം പ്രാർത്ഥിക്കാനിരുന്നത്.
അവിടുന്ന് നമ്മുടെ ഓരോ വാക്കും ശ്രദ്ധയോടെ കേൾക്കുകയായിരുന്നില്ലേ ?'

'6 മുതൽ 19 വരെയുള്ള വാക്യങ്ങൾ ഞാൻ വായിച്ചിരുന്നെങ്കിൽ അതിൽ പറയുന്ന കാര്യങ്ങൾ അതേപടി സംഭവിക്കുവാൻ കർത്താവ് അനുവദിക്കുമായിരുന്നു. എന്റെ അളിയൻ അതായത് നിന്റെ അങ്കിൾ കുറ്റക്കാരനെന്നു തെളിഞ്ഞേനെ.
അവന്റെ പ്രാർത്ഥന പാപമായിത്തീർന്നേനെ. അവന്റെ സ്ഥാനം മറ്റൊരുത്തൻ ഏറ്റേനെ. അവന്റെ മക്കൾ അനാഥരും അവന്റെ ഭാര്യ വിധവയും ആയിത്തീർന്നേനെ. അവന്റെ മക്കൾ അലഞ്ഞുതെണ്ടി നടന്നേനെ. അവരുടെ ശൂന്യഭവനങ്ങളെ വിട്ട് ഇരന്നു നടന്നേനെ.'

കടക്കാരൻ അവനുള്ളതൊക്കെയും കൊണ്ടുപോയേനെ. അന്യജാതിക്കാർ അവന്റെ പ്രയത്നഫലം കൊള്ളയിട്ടേനെ. അവനോടു ദയ കാണിക്കാൻ ആരും ഉണ്ടാകുമായിരുന്നില്ല. അവന്റെ അനാഥരായ മക്കളോട് ആർക്കും കൃപ തോന്നുമായിരുന്നില്ല.അവന്റെ സന്തതി മുടിഞ്ഞുപോയേനെ. അടുത്ത തലമുറയിൽ തന്നേ അവരുടെ പേര് മാഞ്ഞുപോയേനെ. അവൻ വസ്ത്രംപോലെ ശാപം ധരിച്ചേനെ. അതു വെള്ളംപോലെ അവന്റെ ഉള്ളിലും എണ്ണപോലെ അവന്റെ അസ്ഥികളിലും ചെന്നേനെ. അത് അവനു പുതയ്ക്കുന്ന വസ്ത്രംപോലെയും നിത്യം അരയ്ക്കു കെട്ടുന്ന കച്ചപോലെയും ഇരുന്നേനെ.'(സങ്കീർത്തനം 109 ന്റെ 6 മുതൽ 19 വരെയുള്ള വാക്യങ്ങളുടെ സംഗ്രഹം)

നിന്റെ ഡാഡി ഈ വാക്യങ്ങൾ വേദനയോടെ വായിച്ചിരുന്നെങ്കിൽ ഇതെല്ലാം എന്റെ അളിയന്, അതായത് നിന്റെ അങ്കിളിനു സംഭവിക്കുമായിരുന്നു. 'ഇനി നീ പറ, ഡാഡി അതു വായിക്കണമായിരുന്നോ ? കൊച്ച് ആൻഡ്റൂസ് ചെറുപുഞ്ചിരിയോടെ പിതാവിനെ നോക്കി 'വേണ്ട'എന്നു തലയാട്ടി. സമ്പത്തിനോടുള്ള തന്റെ വിരുദ്ധമനോഭാവത്തിന് ഈ സംഭവം പിൽക്കാല ജീവിതത്തിൽ തന്നെ സാരമായി സ്വാധീനിച്ചിട്ടുള്ളതായി ആംഗ്ലിക്കൻ സഭയിലെ വൈദികനായി മാറിയ ദീനബന്ധു റവ. സി. എഫ്. ആൻഡ്റൂസ് പറഞ്ഞിട്ടുണ്ട്.

## മണിപ്പൂർ കലാപം: 27കേസുകൾ സി ബി ഐ ഏറ്റെടുത്തു

ഇംഫാൽ: മണിപ്പൂർ കലാപത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമം ഉൾപ്പെടെ 27 കേസുകൾ സി ബി ഐ ഏറ്റെടുത്തു. ഇതിൽ 19 കേസുകളാണ് സ്ത്രീകൾക്കെതിരായ അതിക്രമം സംബന്ധിച്ചുള്ളതാണ്. കൊലപാതകം, തട്ടിക്കൊണ്ടുപോകൽ, ആയുധ മോഷണം, ഗൂഢാലോചന തുടങ്ങിയ കുറ്റങ്ങളിലും അന്വേഷണം നടത്തും. 53 അംഗ ഉദ്യോഗസ്ഥ സംഘമാണ് കേസ് അന്വേഷിക്കുന്നത്.

സി ബി ഐ അന്വേഷിക്കുന്ന കേസുകളുടെ വിചാരണ സുപ്രീം കോടതി അസമിലേക്കു മാറ്റിയിരുന്നു. ന്യായമായ വിചാരണനടപടികൾ ഉറപ്പാക്കാനാണ് നടപടിയെന്ന് കോടതി വ്യക്തമാക്കി.വിചാരണ ഉൾപ്പെടെ നടപടികൾ ഓൺലൈനായി നടത്തണം. പ്രതികളും പരാതിക്കാരും നേരിട്ട് അസമിൽ എത്തേണ്ടതില്ല. കേസിൽ നേരിട്ട് ഹാജരാകാൻ താൽപര്യമുള്ളവരെ തടയില്ലെന്നും കോടതി വ്യക്തമാക്കി. വിചാരണയ്ക്കായി ജഡ്ജിമാരെ നിയമിക്കാൻ ഗുവാഹത്തി ഹൈക്കോടതിക്ക് സുപ്രീം കോടതി നിർദ്ദേശം നൽകി. കേസിൽ നീതീ ഉറപ്പാക്കാൻ ന്യായമായ വിചാരണനടപടികൾ വേണമെന്നു ചൂണ്ടിക്കാട്ടിയാണ് കോടതി നടപടി.

വിചാരണ നടപടികൾക്കായി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിനേയും സെഷൻസ് ജഡ്ജിമാരെയും നിയമിക്കാൻ ഗുവാഹത്തി ഹൈക്കോടതി ചീഫ് ജസ്റ്റിസിന് സുപ്രീം കോടതി നിർദ്ദേശം നൽകി. മണിപ്പൂരിലെ ഭാഷ അറിയുന്ന ജഡ്ജിമാരാകണം ഇവർ. പ്രതികളെ ഹാജരാക്കൽ, റിമാൻഡ്, ജുഡീഷ്യൽ കസ്റ്റഡി, കസ്റ്റഡി നീട്ടൽ എന്നീ അപേക്ഷകൾക്ക് ഈ ജഡ്ജിമാരെ സി ബി ഐ സമീപിക്കണം. എന്നാൽ സാക്ഷികളുടെ രഹസ്യമൊഴി മണിപ്പൂർ ഹൈക്കോടതി നിയമിക്കുന്ന ജഡ്ജിമാർ നേരിട്ടെത്തി രേഖപ്പെടുത്തണം. ഇതിനായി മണിപ്പൂർ ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റിസ് നടപടി സ്വീകരിക്കണം. പ്രതികളുടെ തിരിച്ചറിയൽ പരേഡ് ഓൺലൈനായി ഈ ജഡ്ജിമാരുടെ സാന്നിധ്യത്തിൽ നടത്തണം. കേസുകളുടെ വിചാരണ നടപടികൾ തടസമില്ലാതെ നടത്താൻ ഇന്റർനെറ്റ് സംവിധാനം നൽകുമെന്ന് കേന്ദ്രം അറിയിച്ചു.

## ഉക്രൈനിലേക്ക് വീണ്ടും സഹായമെത്തിച്ച് വത്തിക്കാൻ

കീവ് : യുദ്ധക്കെടുതികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഉക്രൈനിലേക്ക് വത്തിക്കാനിൽ നിന്ന് വീണ്ടും സഹായമെത്തിക്കുമെന്ന് കർദിനാൾ കോൺറാഡ് ക്രാജെവ്സ്കി റിപ്പോർട്ട് ചെയ്തു. ആഗസ്റ്റ് 30ന് ഡിക്കാസ്റ്ററി ഫോർ ദി സർവീസ് ഓഫ് ചാരിറ്റി പങ്കുവച്ച അറിയിപ്പനുസരിച്ച്, ഒരു കൊറിയൻ കമ്പനി ഉക്രൈനുവേണ്ടി സംഭാവനചെയ്ത ഭക്ഷ്യവസ്തുക്കളാണ് വത്തിക്കാനിൽ നിന്നും ഉക്രൈനിലേക്ക് കൊണ്ടുപോകുന്നത്.

യുദ്ധം കൂടുതൽ ബാധിച്ചിട്ടുള്ള ഉക്രേനിയൻ പ്രദേശങ്ങളെ ലക്ഷ്യംവച്ചുകൊണ്ടുള്ള വിതരണത്തിൽ 3,00,000ഓളം പൊതികളും മറ്റു പോഷഗുണമുള്ള ഭക്ഷണപദാർഥങ്ങളുമാണ് എത്തിച്ചുനൽകുന്നത്. 2022 ഫെബ്രുവരി 24ന് ഉക്രൈനിൽ യുദ്ധം ആരംഭിച്ചതുമുതൽ 106 തവണയോളം വത്തിക്കാൻ ഉക്രൈനിലേക്ക് ഇത്തരത്തിൽ സഹായം എത്തിച്ചുനൽകിയിട്ടുണ്ട്.

'ഉക്രൈനിലേക്കു നടത്തുന്ന യാത്രകളിൽ ഭക്ഷണം മാത്രം നൽകാനല്ല ഞങ്ങൾ ആഗ്രഹിക്കുന്നത്, മറിച്ച് ഉക്രൈനിലെ ലിവിവ് നഗരത്തിൽ വിധവകൾക്കും അമ്മമാർക്കും അവരുടെ കുഞ്ഞുങ്ങൾക്കുംവേണ്ടി ഒരു വലിയ ഭവനം വിവിധ സംഘടനകളുടെ സഹായത്തോടെ നിർമ്മിക്കാൻ ആരംഭിക്കും' കർദിനാൾ കോൺറാഡ് ക്രാജെവ്സ്കി പറഞ്ഞു.

## ക്രിസ്തിയ സംഗീതസന്ധ്യ

ദുബായ്: ദുബൈ ഹാർവസ്റ്റ് ചർച്ചിന്റെയും മിഡിൽ ഈസ്റ്റ് ക്രിസ്ത്യൻ ലൈവിന്റെയും സംയുക്താഭിമുഖ്യത്തിൽ സെപ്തം 28 ന് ദുബൈ മുഹൈസ്ന ലുലു വില്ലേജിനടുത്തുള്ള ഡ്യൂൺസ് ഹോട്ടലിലെ ഹാർവസ്റ്റ് ഹാളിൽ ക്രിസ്തിയ സംഗീത സന്ധ്യ സംഘടിപ്പിക്കുന്നു. പാസ്റ്റർ അലക്സ് ജോർജ് ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കും. പാസ്റ്റർ അനിൽ അടുർ സംഗിതം ആലപിക്കും. കീ ബോർഡ്: സാം ആറ്റിംഗൽ, ഗിറ്റാർ: ഗ്ലാഡ്സൺ സെബാസ്റ്റ്യൻ

# മർത്തോമ്മ സഭയ്ക്ക് പുതിയ മൂന്ന് എപ്പിസ്കോപ്പമാർ



REV. SAJU C. PAPPACHEN    REV. DR. JOSEPH DANIEL    REV. MATHEW K. CHANDY

തിരുവല്ല: റവ. സാജു സി പാപ്പച്ചൻ( കുന്നംകുളം ആർത്താറ്റ് മാർത്തോമ്മാ ഇടവക), റവ.ഡോ. ജോസഫ് ഡാനിയൽ (സീതത്തോട് കൊച്ചുകോയിക്കൽ ട്രിനിറ്റി മാർത്തോമ്മാ ഇടവക),റവ. മാത്യു കെ ചാണ്ടി (മല്ലപ്പള്ളി മാർത്തോമ്മാ ഇടവക) എന്നിവർ മലങ്കര മർത്തോമ്മ സുറിയാനി സഭയുടെ എപ്പിസ്കോപ്പ സ്ഥാനത്തേക്ക് തെരെഞ്ഞെടുക്കപ്പെട്ടു.

തിരുവല്ലയിലെ മർത്തോമ്മ സഭ ആസ്ഥാനത്ത് നടന്ന സഭാ പ്രനിധി മണ്ഠലത്തിന്റെ യോഗത്തിലായിരുന്നു തെരെഞ്ഞെടുപ്പ്.സഭാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു.

ഡോ. യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ, ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ, തോമസ് മാർ തീമൊഥെയോസ് എപ്പിസ്ക്കോപ്പാ, ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്ക്കോപ്പാ, ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്ക്കോപ്പാ, ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്ക്കോപ്പാ, ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പാ, ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ, സീനിയർ വികാരി ജനറാൾ വെരി റവ. ജോർജ് മാത്യു, വികാരി ജനറാൾമാരായ വെരി റവ. കെ.വൈ. ജേക്കബ്, വെരി റവ. ഡോ. ഈശോ മാത്യു, വെരി റവ. മാത്യു ജോൺ, സഭാ സെക്രട്ടറി റവ. സി. വി. സൈമൺ, വൈദിക ട്രസ്റ്റി റവ. മോൻസി കെ. ഫിലിപ്പ്, അത്മായ ട്രസ്റ്റി രാജൻ ജേക്കബ് എന്നിവർ നേതൃത്വം നൽകി.

റവ. സാജു സി. പാപ്പച്ചൻ കുന്നംകുളം ചെമ്മണ്ണൂർ സി. സി. പാപ്പച്ചന്റെയും സാറാമ്മയുടെയും പുത്രനാണ്.1969 ഏപ്രിൽ 22 നു ജനിച്ചു. 1997 ജൂൺ 20 ന് ശെമ്മശ് പട്ടവും 1997 ജൂലൈ 15 ന് കശ്ശീശാ പട്ടവും സ്വീകരിച്ചു. കൊട്ടാരക്കര മൈലം മാർത്തോമ്മാ ഇടവക വികാരിയായി ശുശ്രൂഷ നിർവ്വഹിക്കുന്നു.ഏലപ്പാറ, മത്തായിപ്പാറ, ചീന്തലാർ, കോലഞ്ചേരി, വാളകം, മാമല, ഗ്വാളിയർ, ഭരത്പ്പൂർ, കറുകച്ചാൽ, താനെ, വടവാതൂർ, ന്യൂയോർക്ക് സെന്റ് തോമസ് എന്നീ ഇടവകകളിൽ ശുശ്രൂഷ നിർവ്വഹിച്ചു.ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ, ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ എന്നിവരുടെ സെക്രട്ടറി, മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി സുറിയാനി അദ്ധ്യാപകൻ, സഭയുടെ ലക്ഷനറി, ലിറ്റേർജിക്കൽ കമ്മീഷൻ അംഗം, ശെമ്മാശന്മാരെ പരിശീലിപ്പിക്കുന്ന മല്പാൻ എന്നീ നിലകളിലും പ്രവർത്തിച്ചു. ബി. എസ്. സി, ബി.ഡി, എം. എ., എം.റ്റി.എച്ച് ബിരുദങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്.

റവ. ഡോ. ജോസഫ് ഡാനിയേൽ കൊച്ചുകോയിക്കൽ കാരംവേലിമണ്ണിൽ തോമസ് ഡാനിയേലിന്റെയും സാറാമ്മയുടെയും പുത്രനാണ്.1970 ആഗസ്റ്റ് 19 നു ജനിച്ചു. 1998 ജൂൺ 19 ന് ശെമ്മശപട്ടവും 1998 ജൂലൈ 16 ന് കശ്ശീശാ പട്ടവും സ്വീകരിച്ചു.കോട്ടയം മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി അദ്ധ്യാപകനായി ശുശ്രൂഷ നിർവ്വഹിക്കുന്നു.
മൈലം, ബാംഗ്ലൂർ ബഥേൽ, ബാംഗ്ലൂർ സെന്റ് തോമസ്, സിംഗപ്പൂർ, കുമ്പനാട് ശാലേം എന്നീ ഇടവകകളിലും സ്വിറ്റ്സർലാൻഡ്, ജർമ്മനി എന്നീ കോൺഗ്രിഗേഷനുകളിലും ശുശ്രൂഷ നിർവ്വഹിച്ചു.ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ചാപ്ലയിൻ, ബാംഗ്ലൂർ സ്റ്റുഡന്റ്സ് ചാപ്ലയിൻ, മാർത്തോമ്മാ തിയോളജിക്കൽ കമ്മീഷൻ, മാർത്തോമ്മാ വൈദിക സെമിനാരി ഗവേണിംഗ് ബോർഡ്, ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ സെമിനാരി കൗൺസിൽ, ജർമ്മനിയിലെ സൊസൈറ്റി ഫോർ എക്യുമെനിക്കൽ റിസേർച്ച് അംഗം, എഫ്, എഫ്.ആർ.ആർ സി അദ്ധ്യാപകൻ, റിസേർച്ച് ഗൈഡ്, എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്.
ജവഹർലാൽ നെഹറു മെമ്മോറിയൽ ഫണ്ട് അവാർഡ്, എം. ജി. യൂണിവേഴിസിറ്റിയിൽ നിന്നും എം. എ. ഹിസ്റ്ററിയിൽ ഒന്നാം റാങ്ക്, ബേൺ സർവ്വകലാശാലയിൽ നിന്നും ഡോക്ടറൽ ഗവേഷണത്തിന് പ്രത്യേക പുരസ്ക്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.എക്യുമെനിസം ഇൻ പ്രാക്സിസ്, വൺ ഫാമിലി അണ്ടർ ഹെവൻ എന്നീ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. എം.എ., ബി.ഡി, എം.റ്റി.എച്ച്, പി. എച്ച. ഡി ബിരുദങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്.

റവ. മാത്യു കെ. ചാണ്ടി മല്ലപ്പള്ളി കിഴക്കേചെറുപാലത്തിൽ ബഹനാൻ ചാണ്ടിയുടെയും അന്നമ്മയുടെയും പുത്രൻ.
1972 മെയ് 1 ന് ജനിച്ചു. 2003 ജൂൺ 19 ന് ശെമ്മാശ് പട്ടവും 2003 ജൂലൈ 31 ന് കശ്ശീശാ പട്ടവും സ്വീകരിച്ചു. സീഹോറാ ക്രിസ്തപന്ഥി ആശ്രമാംഗമാണ്. ഇപ്പോൾ ആനപ്രാമ്പാൽ മാർത്തോമ്മാ ഇടവകയിൽ സഹ വികാരിയായി പ്രവർത്തിക്കുന്നു. വിശാഖപട്ടണം, ഇൻഡോർ, സീഹോറാ ഇടവകകളിൽ ശുശ്രൂഷ നിർവ്വഹിച്ചു. നോർത്ത് ഇൻഡ്യ ഇവാഞ്ചലിസ്റ്റിക് ഫെലോഷിപ്പ് വൈസ് പ്രസിഡന്റ് ആയി പ്രവർത്തിച്ചു. സീഹോറാ ആശ്രമം ആചാര്യ, സീഹോറാ ഈശോ മാർ തീമൊഥോയോസ് സെന്റർ ഫോർ ഇവാഞ്ചലിസം ആൻഡ് റൂറൽ ഡെവലപ്പ്മെന്റ് പ്രിൻസിപ്പാൾ എന്നീ നിലകളിലും പ്രവർത്തിച്ചു. എം.എ., ബി.ഡി., എൽ.എൽ.ബി. ബിരുദങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്.

# ക്രൈസ്തവ വിരുദ്ധതയുമായി ആമസോൺ ഉൽപ്പന്നങ്ങൾ

വാഷിംഗ്ടൺ ഡിസി: ആമസോൺ സൈറ്റിൽ ക്രൈസ്തവ വിരുദ്ധത പ്രകടമാക്കിക്കൊണ്ട് അമേരിക്കൻ ഇകൊമേഴ്സ് സ്ഥാപനമായ ആമസോൺ. ഇത് ഒരു മതനിന്ദ മാത്രമല്ല. ഈ ഒരൊറ്റ ആമസോൺ പേജിൽ, തൊണ്ണൂറ്റിയൊന്ന് വളരെ അപ്രസക്തമായ ഉൽപ്പന്നങ്ങൾ വിൽപ്പനയ്ക്കുണ്ട്. മറ്റ് മത വിശ്വാസങ്ങളെ കുറിച്ച് യാതൊരു പരാമർശവുമില്ലാത്ത ഈ പേജിൽ യേശു ക്രിസ്തുവിനെയും ക്രൈസ്തവ വിശ്വാസത്തേയും മാത്രമാണ് അവഹേളിച്ചിരിക്കുന്നതെന്നതും ശ്രദ്ധേയമാണ്. 'മതനിന്ദ! ഏറ്റവും മികച്ചതും പുതുമയുള്ളതുമായ മത ഉൽപ്പന്നങ്ങൾ' എന്നാണു പേജിന്റെ തലക്കെട്ട്.

ഇതാദ്യമായല്ല ആമസോൺ ക്രൈസ്തവരെ അവഹേളിക്കുന്നത്. ആമസോൺ വിപണനം ചെയ്യുന്ന 'ഹോളി സ്പിരിറ്റ്' എന്ന ക്രിസ്ത്യൻ വിരുദ്ധതയുള്ള ബോർഡ് ഗെയിം സാത്താന്റെ കെണിയാണെന്ന മുന്നറിയിപ്പുമായ ഫാ. ഏർണസ്റ്റോ കാരോ നേരത്തെ രംഗത്തു വന്നിരുന്നു.
യേശുവിനെ വികലമാക്കി ചിത്രീകരിച്ചിരിക്കുന്ന കളറിംഗ് ബുക്കുകൾ, പ്രായപൂർത്തിയായവർക്കുള്ള 'സാന്താ വേഴ്സസ് ജീസസ്' കാർഡ് ഗെയിം, ക്രൈസ്തവ സന്യാസിനികളുടെ ചിത്രങ്ങളോടു കൂടിയ രൂപങ്ങൾ മറിച്ചിടുന്ന നൺ ബൗളിംഗ് തുടങ്ങിയവ വിൽപ്പനക്കുവെച്ചിരിക്കുന്നവയിൽ ഉൾപ്പെടുന്നു. ഇതിനെതിരെ പ്രതിഷേധം അറിയിച്ച് ആമസോൺ സിഇഓ ആൻഡി ജാസിക്ക് ആയിരങ്ങളാണ് നിവേദനം അയക്കുന്നത്.

കുടുംബ മൂല്യങ്ങളും ക്രിസ്തീയ വിശ്വാസ സംരക്ഷണവും മുറുകെ പിടിച്ച് രൂപീകൃതമായ അമേരിക്കൻ സൊസൈറ്റി ഫോർ ദി ഡിഫൻസ് ഓഫ് ട്രഡീഷൻ, ഫാമിലി ആൻഡ് പ്രോപ്പർട്ടിയുടെ ആഭിമുഖ്യത്തിൽ 30,000ൽ അധികം പേർ ഓൺലൈൻ പെറ്റീഷനിൽ ഒപ്പുവെച്ചിട്ടുണ്ട്.

## നമുക്ക് പ്രാർത്ഥിക്കാം

1)ലോക സുവിശേഷികരണത്തിനായി വിശ്വസ് തന്മാരായ ,ശക്തന്മാരായ അഭിഷക്ത ഗണങ്ങൾ ദൈവീക സമർപ്പണത്തോടുകൂടി എഴുന്നേൽക്കുവാൻ പ്രാർത്ഥിക്കാം
2) ഈ കാലത്തിലെ ആത്മീക ഉണർവിന് വേണ്ടി ആത്മാവിൽ പോരാടി പ്രാർത്ഥിക്കുന്ന പ്രാർത്ഥനാ പോരാളികൾ എഴുന്നേല്ക്കുവാൻ പ്രാർത്ഥിക്കാം

# സംസ്ഥാനത്ത് ഇന്നും മഴ ; രണ്ട് ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ പ്രവചനം. ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കാണ് സാധ്യതയുള്ളത്. ഇന്ന് രണ്ട് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. എറണാകുളം, മലപ്പുറം ജില്ലകളിലാണ് ഇന്ന് യെല്ലോ അലർട്ട് ഉള്ളത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്റർ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.



13 AUGUST 2023
Wings of HOPE
For Private Circulation Only
ക്രിസ്ത്യൻ ലൈവ് മീഡിയയിൽ നിന്നും
ഇപ്പോൾ നിങ്ങൾക്കായി ഒരു ഇംഗ്ലീഷ് പത്രം
എല്ലാ ഞായറാഴ്ചകളിലും പ്രസിദ്ധികരിക്കുന്നു
സൗജന്യ കോപ്പികൾക്കായി ഇന്നു
തന്നെ വാട്സാപ്പ് ചെയ്യുക:
09846552220




CHRISTIAN LIVE
CHRISTIAN LIVE.IN
MIDDLE EAST CHRISTIAN YOUTH MINISTRIES
+91 9846 55 22 20 | +91 9188 52 22 20 | +971 55 862 1000
info@christianlive.in
www.christianlive.in
KERALA | BANGALORE | DUBAI
USA | CANADA | KUWAIT | UK
BRAND MARKETING
EVENT MANAGEMENT
ONLINE NEWS PORTAL
DAILY NEWS PAPER
LED WALL/TV RENTAL
+91 9846552220
MEDIA PRODUCTION
LIVE STREAMING